# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 7, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

*181. ശ്രീ.സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതോൽപ്പാദന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

നീതി , നന്മ സ്റ്റോറുകൾ

*182. ശ്രീ.പി.തിലോത്തമൻ
,, വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കുമോ ;

(ബി) നീതി മെഡിക്കൽ സ്റ്റോറുകളിൽ എത്ര ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നുണ്ട് ;

(സി) നീതി മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനകം എത്ര സ്റ്റോറുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയെന്ന് അറിയിക്കാമോ ?

(ഡി)

<u>ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം</u>

*183. ശ്രീ.പി.ടി.എ. റഹീം

,, പുരുഷൻ കടലുണ്ടി

,, കെ.വി.വിജയദാസ്

,, എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് അടിസ്ഥാന സൗകര്യത്തിന്റെയും മറ്റും അഭാവത്തിൽ സാധിക്കാത്ത പ്രദേശങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് പ്രധാനമായും വേണ്ടതെന്താണെന്നും അത് ലഭ്യമാക്കാൻ സാദ്ധ്യമാകാത്തത് എന്ത് കാരണത്താലാണെന്നും പരിശോധിച്ചിട്ടുണ്ടോ ;

(സി) ആദിവാസി മേഖലയിൽ വിദ്യാഭ്യാസം നൽകുന്നതിന് ചെലവഴിക്കുന്ന തുക ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആദിവാസി കുട്ടികൾക്ക് പാഠ്യേതര വിഷയങ്ങളിലും വായനയിൽ കൂടിയും അറിവ് ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എത്രത്തോളം പര്യാപ്തമാണ് ?

<u>ധാതുമണൽ സമ്പത്ത്</u>

*184. ശ്രീ.ആർ. രാജേഷ്

,, എം.എ.ബേബി

,, രാജു എബ്രഹാം

,, പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുമണൽ സമ്പത്ത് ഉപയോഗപ്പെടുത്തിയില്ലെങ്കിൽ ഏതെല്ലാം തരത്തിൽ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ തോതിൽ ധാതുമണൽ ലഭ്യമാക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പൊതുമേഖലയിൽ ധാതുമണൽ ഉപയോഗപ്പെടുത്തുന്ന കൂടുതൽ സ്ഥാപനങ്ങൾ

സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

## ജലവൈദ്യുത പദ്ധതികളുടെ പരിഷ്കരണം

*185. ശ്രീ.എം.ഉമ്മർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെയും അനുബന്ധ നിലയങ്ങളുടെയും പരിഷ്കരണ/അഴിച്ചുപണികൾ നടത്തുന്ന കാര്യത്തിൽ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ പദ്ധതികളിൽ ഏതിലെങ്കിലും ഇപ്പോൾ അത്തരം പണികൾ നടക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി നിലയങ്ങളുടെ നിർമ്മാണ/പരിഷ്കരണ/ അഴിച്ചു പണികൾ നടപ്പാക്കുമ്പോൾ ഊർജ്ജ ഉല്പാദനത്തിന്റെ പരമാവധി ശേഷി, ജീവനക്കാരുടെ സുരക്ഷ, കൂടുതൽകാല പ്രവർത്തനശേഷി എന്നിവ ഉറപ്പാക്കാൻ സ്വീകരിക്കുന്ന മുൻകരുതലുകൾ വിശദമാക്കുമോ ; ഇക്കാര്യത്തിൽ നിലയങ്ങളിൽ കൂടുതൽ കാലം പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരുടെ അനുഭവാഭിപ്രായം കൂടി കണക്കിലെടുക്കുമോ ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രധാന തസ്തികകളിലെ നിയമനം

*186. ശ്രീ.എം.ചന്ദ്രൻ

,, വി.ശിവൻകുട്ടി

,, എസ്.ശർമ്മ

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണലുകളെയും കാര്യപ്രാപ്തിയുള്ളവരെയുമാണ് നിയമിക്കുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ ;

(ബി) നിയമനം നടത്തുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നവരും വിജിലൻസിൽ നിന്നും പ്രതികൂലമായി അഭിപ്രായം ഉണ്ടായവരും പ്രധാന തസ്തികകളിൽ നിയമനം നേടുന്നതായ വാർത്തകളിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) പ്രധാന തസ്തികകളിൽ നിയമിതരാവുന്നവർ കളങ്കിതരും കുറ്റാരോപിതരും അല്ലെന്ന് ഉറപ്പ് വരുത്താറുണ്ടോ ; നിയമവിരുദ്ധമായി നിയമിക്കപ്പെട്ടവരുണ്ടെങ്കിൽ അത്തരക്കാരെ മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

ഗ്രീൻ ട്രൈബ്യൂണലിന്റെ ഇടപെടലുകൾ

T *187. ശ്രീ.പി.ബി. അബ്ദുൾ റസാക്

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽ, മണ്ണ്, പാറ എന്നീ നിർമ്മാണ വസ്തുക്കൾ ശേഖരിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഗ്രീൻ ട്രൈബ്യൂണലിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ നിർമ്മാണ മേഖലയിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) നിർമ്മാണ മേഖല സ്തംഭിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; പകരം ഉപയോഗിക്കാവുന്ന നിർമ്മാണ വസ്തുക്കളുടെ കാര്യത്തിലെ നയം വ്യക്തമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ ഉല്പാദനം

*188. ശ്രീ.എളമരം കരീം

,, കെ.സുരേഷ് കുറുപ്പ്

,, വി.ചെന്താമരാക്ഷൻ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉല്പാദന മേഖലയിലുള്ള സാദ്ധ്യത എത്രത്തോളം ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉല്പാദന സ്രോതസ്സ് എത്രത്തോളമുണ്ടെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) വൈദ്യുതി പ്രതിസന്ധി മൂലം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടിവരുമ്പോഴും കുത്തനെ നിരക്ക് വർദ്ധന വരുത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോഴും ഇത്തരം ഊർജ്ജ ഉല്പാദന സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്താത്തത് എന്തുകൊണ്ടാണ്?

ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം

*189. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എം.എ. വാഹീദ്

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ആരോഗ്യ ബോധവൽക്കരണത്തിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ ?

<u>സംയോജിത ചെക്ക്പോസ്റ്റ്</u>

*190. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത്

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത് ;

(ഡി) എല്ലായിടത്തും സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ?

<u>സംസ്ഥാന ധന ഉത്തരവാദിത്ത നിയമം</u>

*191. ശ്രീ.പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധന ഉത്തരവാദിത്ത നിയമപ്രകാരം ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ ലക്ഷ്യങ്ങൾ നേടാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതു പരിഹരിയ്ക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

## കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും

*192. ശ്രീ.ആർ . സെൽവരാജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ;

(ഡി) ഉപഭോക്താക്കൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ?

## ഭക്ഷ്യ സംസ്കരണ വ്യവസായം

*193. ശ്രീ.സി.മമ്മൂട്ടി

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ സംസ്കരണ വ്യവസായം വ്യാപകമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ തനത് വിഭവങ്ങളായ നാളികേരം, ചക്ക, മാങ്ങ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം നടത്തുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ മേഖലയ്ക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ ?

## സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സൗരോർജ്ജ പദ്ധതി

*194. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ടിന്റെ പദ്ധതിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം വിട്ടുകൊടുക്കേണ്ടതായിട്ടുണ്ട്; പദ്ധതിയുടെ മൊത്തം ചെലവ് എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വൈദ്യുതബോർഡ് വാങ്ങുന്നതിനുള്ള കരാർ ഒപ്പു വച്ചിട്ടുണ്ടോ; ആയതിന്റെ താരിഫ് നിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

<u>ലോട്ടറി മേഖലയുടെ സംരക്ഷണം</u>

*195. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, എ. പ്രദീപ്കുമാർ

,, കെ.കെ.നാരായണൻ

,, വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ ടിക്കറ്റുകൾ ദുരുപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ ഉപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗാംബ്ലിംഗ് നടത്തുന്നതായ വാർത്തകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാന ലോട്ടറി മേഖല തകർക്കുന്നതിന് അന്യസംസ്ഥാന ലോട്ടറി മാഫിയകളടക്കം ശ്രമങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്ന സാഹചര്യമുണ്ടായാൽ അത് സംസ്ഥാന ലോട്ടറിയെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതി</u>

*196. ശ്രീ.കെ.ശിവദാസൻ നായർ

,, സി.പി.മുഹമ്മദ്

,, കെ.മുരളീധരൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## ഹാന്റക്സ്

*197. ശ്രീ.കെ.കെ.നാരായണൻ

,, എസ്.ശർമ്മ

,, ജെയിംസ് മാത്യു

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റക്സ് രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണിത്തരങ്ങൾ കെട്ടിക്കിടക്കുമ്പോഴും അവ വിറ്റഴിക്കാൻ കാണിക്കുന്നതിനേക്കാൾ താല്പര്യം അന്യസംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ വാങ്ങുന്നതിൽ കാണിക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് സഹായകരമായ രീതിയിൽ ഹാന്റക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയതായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ?

## അനധികൃത ക്വാറികൾ

*198. ശ്രീ.ജി.എസ്.ജയലാൽ

,, സി.ദിവാകരൻ

,, വി.ശശി

,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസില്ലാതെ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; അനധികൃത ക്വാറികൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പാറപൊട്ടിക്കലിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനും നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

## നിക്ഷേപ താൽപര്യ സംരക്ഷണ നിയമം

*199. ശ്രീ.എം.എ. വാഹീദ്

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ താൽപര്യ സംരക്ഷണ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) നിക്ഷേപ താൽപര്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

## കാറ്റിൽനിന്നുള്ള വൈദ്യുതോല്പാദനം

*200. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, കെ.എൻ.എ.ഖാദർ

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽനിന്നുള്ള വൈദ്യുതോല്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ വിഭവശേഷി എത്രയാണെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) അയൽ സംസ്ഥാനമായ തമിഴ് നാടിനെ അപേക്ഷിച്ച് നാം ഇക്കാര്യത്തിൽ വളരെ പിന്നിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും , പൊതു ജനങ്ങളുടെയും കൂടി പങ്കാളിത്തമുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രസ്തുത രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുമോ ?

## പുനർജനി പദ്ധതി

*201. ശ്രീ.വി.റ്റി.ബൽറാം

,, പി.സി വിഷ്ണുനാഥ്

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>വ്യാവസായിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനം</u>

*202. ശ്രീ.ബി.സത്യൻ

,, എളമരം കരീം

,, റ്റി.വി.രാജേഷ്

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്റ്റാർട്ടപ്പ് വില്ലേജിലടക്കം വരുന്ന നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുണ്ടാകുന്ന വീഴ്ച വ്യാവസായിക മേഖലയ്ക്ക് തിരിച്ചടിയാവുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിന്റെ പേരിൽ ഇൻഫോസിസ് പോലുള്ള സ്ഥാപനങ്ങൾ ഐ.ടി. വികസനത്തിന് എടുത്ത ഭൂമി തിരിച്ച് നൽകിയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഹരിത യൗവ്വനം പദ്ധതി</u>

*203. ശ്രീ.ഹൈബി ഈഡൻ

,, പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിത യൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ?

## ചെറുകിട വൈദ്യുതി ഉല്പാദന സംരംഭങ്ങൾ

*204. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, എ.കെ.ബാലൻ

,, രാജു എബ്രഹാം

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് ചെറുകിട വൈദ്യുതി ഉല്പാദന സംരംഭങ്ങൾ ഒരുക്കുന്നതിൽ മതിയായ ജാഗ്രത കാണിക്കുന്നുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

(ബി) ചെറുകിട വൈദ്യുതി ഉല്പാദന മേഖലയിൽ മുൻ സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചെറുകിട വൈദ്യുതി ഉല്പാദന മേഖലയിലെ അനാസ്ഥ വൈദ്യുതി മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കാമോ ?

## പൊതുചെലവുകളുടെ ഗുണനിലവാരം

*205. ശ്രീ.ജി.സുധാകരൻ

,, എം.എ.ബേബി

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുചെലവുകളുടെ ഗുണനിലവാരവും നിക്ഷേപ പ്രയോജനവും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുചെലവുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള എന്തെല്ലാം നിർദ്ദേശങ്ങൾ എവിടെ നിന്നെല്ലാം ഉണ്ടായിട്ടുണ്ട് ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിലുള്ള നിലപാട് എന്താണെന്നും അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

## നബാർഡ് വായ്പ

*206. ശ്രീ.പാലോട് രവി

,, അൻവർ സാദത്ത്

,, ആർ . സെൽവരാജ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം നബാർഡ് സംസ്ഥാനത്തിന് വായ്പ അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര തുകയാണ് വായ്പയായി നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം കൂടുതൽ തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കുവാനാണ് പ്രസ്തുത വായ്പ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ഭവന നിർമ്മാണ പദ്ധതികൾ

*207. ശ്രീ.ജെയിംസ് മാത്യു

,, എ.കെ.ബാലൻ

,, കെ. ദാസൻ

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ;

(സി) വിവിധ ഭവന നിർമ്മാണ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ ലഭ്യമാക്കുന്നതിലെ വീഴ്ച മൂലമുണ്ടാകുന്ന ധനനഷ്ടവും ദുരനുഭവങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അന്തിയുറങ്ങാൻ കൂരയില്ലാതെയും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട് ഗഡുക്കൾ ലഭിക്കാതെയും മറ്റും ഇവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഭവനരഹിതരായവർക്കെല്ലാം വീട് നിർമ്മിച്ച് നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

വൈദ്യുതി ഭേദഗതി ബിൽ

*208. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നടപ്പാക്കുന്ന വൈദ്യുതി ഭേദഗതി ബിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്റർ മീഡിയറി സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്ത് എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം വൈദ്യുതി ഉപഭോക്താക്കൾ നേരിടാവുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

## തകർച്ച നേരിടുന്ന പൊതുമേഖലാസ്ഥാപനങ്ങൾ

*209. ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എ.എം. ആരിഫ്
,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ മൂന്നു വർഷമായി പൊതുമേഖലാസ്ഥാപനങ്ങൾ വൻ നഷ്ടം നേരിടുന്നതായ വാർത്തകളിൽ ഗൗരവതരമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ പൊതുമേഖലാസ്ഥാപനങ്ങൾ ഇത്തരത്തിൽ തകർച്ച നേരിടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ചയ്ക്കും നിലനില്പിനും സഹായകരമായ നിലപാട് സ്വീകരിക്കുമോ ;

(ഇ) മുൻസർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചുവന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ നഷ്ടത്തിലായിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

## സി & എ.ജി. റിപ്പോർട്ട്

*210. ശ്രീ.വി.ശിവൻകുട്ടി
,, പി.ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്
,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷം സി & എ.ജി. റിപ്പോർട്ടിൽ ധനനടത്തിപ്പിലെ പരാമർശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ദൈനംദിന ചെലവ് നടത്തുന്നതിന് കടമെടുക്കുന്ന പണത്തെ ആശ്രയിക്കുന്നതിനെക്കുറിച്ച് സി & എ.ജി. യുടെ വിലയിരുത്തലുകൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സി & എ.ജി. നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്ന തരത്തിലുള്ള എന്തെങ്കിലും ധനമാനേജ്മെന്റിന്റെ വീഴ്ച ഈ റിപ്പോർട്ടിലും ആവർത്തിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

null

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.